**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 63** **23-08-2022 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ മണ്ഡലത്തിലെ കെ-ഫോൺ സേവനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | നിലമ്പൂർ നിയോജകമണ്ഡലത്തിൽ നിലവിൽ കെ-ഫോൺ സേവനം നിലവിൽ ഏതെല്ലാം സ്ഥലങ്ങളിലും ഓഫീസുകളിലും നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) | നിലമ്പൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട 43 സർക്കാർ സ്ഥാപനങ്ങൾക്ക് കെ-ഫോൺ സേവനം നൽകുന്നതിനാവശ്യമായിട്ടുള്ള പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ പുതുതായി ഏതെല്ലാം പ്രദേശങ്ങളിലും ഓഫീസുകളിലുമാണ് കെ-ഫോൺ സേവനം നൽകുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | നിലമ്പൂർ നിയോജകമണ്ഡലത്തിലെ അമരമ്പലം, ചുങ്കത്തറ, കരുളായ്, മൂത്തേടം, പുതുക്കല്ല് എന്നീ ഗ്രാമപഞ്ചായത്തുകളിൽ ഉൾപ്പെട്ട എല്ലാ സർക്കാർ സ്ഥാപനങ്ങളിലും കെ-ഫോൺ സേവനം നൽകുന്നതിനാവശ്യമായിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത മണ്ഡലത്തിൽ പൊതുപ്രദേശങ്ങൾക്കു പുറമേ പ്രത്യേക പരിഗണന നൽകി ആദിവാസി മേഖലകളിലേക്ക് കെ-ഫോൺ സേവനം ലഭ്യമാക്കുമോ; വിശദമാക്കാമോ? | (സി) | കെ-ഫോൺ പദ്ധതിയുടെ അടിസ്ഥാന സൗകര്യം ഉപയോഗപ്പെടുത്തി ആദിവാസി മേഖലകളിലേക്ക് കെ-ഫോൺ സേവനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ